LIBRARY ARCHIVES Kerala Legislative Assembly

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം**

252 (6957) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) കൗൺസിലിന്റെ ഘടന, ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പര്യാപ്തമാണോ എന്ന കാര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പല ജില്ലകളിലും കൗൺസിലുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) ടൂറിസം മേഖലയിലെ കേരളത്തിന്റെ അനന്തമായ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിലേക്കുമായാണ് 28-7-1988-ലെ G.O.(P) No. 254/88/GAD സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്. ഇവ 1955-ലെ Travancore-Cochin Literary Scientific and Charitable Societies Registration Act of 1955 പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തോടെ പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനം വിനോദസഞ്ചാര ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള അംഗീകാര നടപടികൾ, ടൂറിസം സാദ്ധ്യതയുള്ള പുതിയ പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിൽ അനുയോജ്യമായ ടൂറിസം പദ്ധതികളുടെ ആവിഷ്കരണം, അത്തരം പദ്ധതികളിൽ ഭരണാനുമതി നൽകപ്പെടുന്നവയുടെ നിർവ്വഹണം, ജില്ലയിൽ വിനോദ സഞ്ചാര ദിശാബോർഡുകളെ മെച്ചപ്പെടുത്തി ആധുനികവത്ക്കരിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ശുചീകരണം, മാലിന്യ നിയന്ത്രണം എന്നീ പരിപാടികളിൽ ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏർപ്പെട്ടിരിക്കുന്നു. പാരമ്പര്യവും സംസ്കാരവും കാത്തു സൂക്ഷിക്കൽ, വിനോദ സഞ്ചാര ക്ലബുകളുടെ ജില്ലാതല ഏകോപനം, ആതിഥേയ സമൂഹത്തിന് ബോധവത്കരണ പരിപാടികൾ, ഹോംസ്റ്റേ ഗസ്റ്റ് സമ്പ്രദായത്തിന് പ്രോത്സാഹനം, ടൂറിസം വിവരങ്ങൾ പ്രചരിപ്പിക്കൽ, വിനോദ സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ, പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, പാർക്കുകൾ

എന്നിവയുടെ വികസനം, പ്രാദേശികമായി പ്രാഥമിക ടൂറിസം പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ശുചിത്വ പരിപാടികൾ നടപ്പിലാക്കൽ എന്നിവയാണ് ടൂറിസം മേഖലയുടെ വികസനത്തിനായി ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ.

(ബി) കൗൺസിലിന്റെ ഘടന, ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പര്യാപ്തമാകും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. ടൂറിസം മേഖലയിലെ പുതിയ മാറ്റങ്ങളെയും വൈവിധ്യങ്ങളായ പ്രവർത്തന മേഖലകളെയും ഉൾക്കൊള്ളിക്കുന്നതിലേക്കായി 3-1-2005-ലെ G.O.(MS.) No.5/05/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പുനഃസംവിധാനത്തിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. ആയതിൻപ്രകാരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഭരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതി**

253 (6958) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിലെ മലയോരഗ്രാമങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പഠന കേന്ദ്രങ്ങൾക്കും മറ്റും പ്രാധാന്യം നൽകുന്ന പാക്കേജിന്റെയും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

**ഉത്തരം**

(എ&ബി) ഹൈറേഞ്ച് ഇക്കോടൂറിസം എന്ന പേരിൽ ഒരു ഇക്കോടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

(സി) സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി മലയോര ഹൈവേക്കുവേണ്ടിയുള്ള സാദ്ധ്യതാ പഠനം പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly